"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. 2264/2018-മേലുള്ള 26.11.2018-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.പിബി) വകുപ്പ്

സ.ഉ.(സാധാ) നം.414/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/02/2019

---

പരാമർശം:- 1 ശ്രീമതി. ബിജി ജോസഫ് സമർപ്പിച്ച 16.11.2018-ലെ നിവേദനം.

2 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. 2264/2018-മേലുള്ള 26.11.2018-ലെ വിധിന്യായം

3 പഞ്ചായത്ത് ഡയറക്ടറുടെ 14.01.2019-ലെ PAN 571/2019-E1(DP) നമ്പർ കത്ത്

ഉത്തരവ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പരാതിക്കാരിയായ വെട്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. ബിജി ജോസഫ് അനക്ഷർ എ4 ആയി സമർപ്പിച്ച പരാമർശം (1) നിവേദനത്തിന്മേൽ പരാതിക്കാരിയെ നേരിൽ കേട്ട് 2 മാസത്തിനുള്ളിൽ തീർപ്പ് കൽപിക്കുവാൻ ഉത്തരവായിട്ടുണ്ട്.

2. തിരുവനന്തപുരം നാലാഞ്ചിറ സ്വദേശിനിയായ താൻ സെക്രട്ടറി തസ്തികയിൽ കോട്ടയം ജില്ലയിൽ ഒരു വർഷത്തോളം സേവനമനുഷ്ഠിച്ച ശേഷം തന്റെ അപേക്ഷ പ്രകാരം തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലം മാറ്റം അനുവദിക്കുകയും കടയ്ക്കാവൂർ പഞ്ചായത്തിൽ 05-12-2017 ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തുവെന്നും എന്നാൽ 27-02-2018 ലെ WP(c)6495/18 നമ്പർ വിധിന്യായം പാലിച്ച് പുറപ്പെടുവിച്ച 25-05-2018 ലെ സ.ഉ (സാധാ) നം. 1444/18/തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ നിയമിക്കുകയും 26-07-2018-ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തുവെന്നും നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ച് വരവേ തന്നെ വീണ്ടും പഞ്ചായത്ത് ഡയറക്ടറുടെ 24-10-2018 ലെ ഇ1-01/18 നമ്പർ ഉത്തരവ് പ്രകാരം വെട്ടൂർ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റം നൽകി നിയമിക്കുകയും ചെയ്തുവെന്നും കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലം മാറ്റം നിയമനം നൽകുമ്പോൾ നാലഞ്ചിറ സ്വദേശിയായ തനിക്ക് പോയിവരുന്നതിന് സൗകര്യമുള്ള വാമനപുരം, വെമ്പായം, പുളിമാത്ത് തുടങ്ങിയ MC റോഡിന് സമീപമുള്ള പഞ്ചായത്തുകളിൽ ഏതിലെങ്കിലും മാറ്റം നൽകണമെന്ന തന്റെ അപേക്ഷ പരിഗണിച്ചില്ലെന്നും, താൻ ജോലി ചെയ്ത എല്ലാ പഞ്ചായത്തുകളിലും നല്ല രീതിയിൽ പ്രവർത്തിക്കുകയുണ്ടായിട്ടുണ്ടെന്നും ഭരണപരമായ അസൗകര്യങ്ങളൊന്നും താൻ മൂലം ഉണ്ടായിട്ടില്ലെന്നും, മറിച്ച് പദ്ധതി ചെലവ്, സഞ്ചയ ഡേറ്റാ സംശുദ്ധീകരണം എന്നിവയിൽ പുരോഗതിയും പൊതുജനത്തിന് സേവനം നൽകുന്നതിൽ വേഗതയും കൈവരിച്ചിരുന്നുവെന്നും, അടിയ്ക്കടിയുണ്ടാകുന്ന സ്ഥലംമാറ്റം സെക്രട്ടറിയെന്ന നിലയിൽ തന്റെ പ്രവർത്തനക്ഷമതയെ ബാധിക്കുന്നതായും മനോവീര്യം കെടുത്തുന്നതായും കൂടാതെ താൻ വിദ്യാർത്ഥികളായ മൂന്ന് കുട്ടികളുടെ മാതാവുമാണെന്നും 84 വയസ്സുള്ള രോഗിയായ ഭർതൃപിതാവ് തന്റെ പരിചരണത്തിലാണെന്നും കുട്ടികളുടെ പഠനകാര്യത്തിലും രോഗിയായ ഭർതൃപിതാവിന്റെ

പരിചരണത്തിലും കൂടി ശ്രദ്ധിക്കേണ്ടതിനാൽ വീട്ടിൽ നിന്നും പോയി വരുന്നതിന് കുറച്ചുകൂടി സൗകര്യമുള്ള വെമ്പായം, വാമനപുരം, പുളിമാത്ത്, മുദാക്കൽ തുടങ്ങിയ MC റോഡിന് സമീപമുള്ള ഏതെങ്കിലും പഞ്ചായത്തിലേക്കു ഒഴിവു വരുന്ന മുറയ്ക്കോ, അടുത്ത പൊതു സ്ഥലം മാറ്റത്തിലോ മാറ്റം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് ശ്രീമതി. ബിജി ജോസഫ് അനക്ഷർ എ4 ആയി സമർപ്പിച്ച നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

3. ബഹു. ട്രിബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 14-01-2019-ന് ശ്രീമതി. ബിജി. ജോസഫിനെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട അവസരത്തിലും ശ്രീമതി. ബിജി ജോസഫ് നിവേദനത്തിൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ തന്നെയാണ് ആവർത്തിച്ചിട്ടുള്ളത്. തുടർന്ന് ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ പഞ്ചായത്ത് വകുപ്പിൽ പൊതു സ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടെന്നും ശ്രീമതി. ബിജി ജോസഫ് പൊതു സ്ഥലം മാറ്റ അപേക്ഷ നൽകുന്ന മുറയ്ക്ക് 25-02-2017-ലെ സ.ഉ (പി)3/2017/ഉഭപവ. നമ്പർ ഉത്തരവിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി സ്ഥലം മാറ്റം അനുവദിക്കുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. ബിജി ജോസഫ് ഉന്നയിച്ചിരിക്കുന്നതു പോലെ അടിക്കടിയുണ്ടാകുന്ന സ്ഥലംമാറ്റം ടിയാളുടെ പ്രവർത്തനക്ഷമതയും മനോവീര്യവും കെടുത്തുന്നു എന്നത് വസ്തുതയാണ്. വിദ്യാർത്ഥികളായ മൂന്ന് മക്കളുടെ സംരക്ഷണവും 84 വയസ്സുള്ള രോഗിയായ ഭർതൃപിതാവിന്റെ പരിചരണവും ടിയാളുടെ ഉത്തരവാദിത്തമാകയാൽ, മാനുഷിക പരിഗണന നൽകി പൊതു സ്ഥലം മാറ്റ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് സ്ഥലംമാറ്റം സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവിലെ മാനദണ്ഡം പാലിച്ച് സ്ഥലം മാറ്റം അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹന്ദാസ്**
**അഡീഷണല് സെക്രട്ടറി**

1. ശ്രീമതി. ബിജി ജോസഫ്, സെക്രട്ടറി, വെട്ടൂർ ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി1/412/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ